II ഇ.ബി. XV-കേരള നിയമസഭ/II-5

# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജൂലൈ 28, ബുധൻ

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

10 (*121, *143) സ്ത്രീ സുരക്ഷ ഉറപ്പാക്കുവാൻ നടപടികൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും സ്ത്രീ ശാക്തീകരണത്തിനുമായി വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ്, അപരാജിത എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ലൈംഗികാതിക്രമങ്ങൾക്കും ഗാർഹികപീഡനങ്ങൾക്കും വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും

സംരക്ഷണം നൽകുന്നതിന് 'നിർഭയ' , 'കാതോർത്ത്', 'രക്ഷാദൂത്' തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ പോലീസ് ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും പിങ്ക് പോലീസ് സംവിധാനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും. ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാർക്കും അങ്കണവാടി പ്രവർത്തകർക്കും സ്ത്രീകൾക്കുള്ള നിയമപരിരക്ഷ, സ്ത്രീകളുടെ അവകാശം എന്നിവ സംബന്ധിച്ച് അവബോധം നൽകുകയും സ്ത്രീധനപീഡനത്തിനെതിരെ വ്യാപക പ്രചരണം നടത്തുകയും ചെയ്യുന്നുണ്ട്. സ്ത്രീധനപീഡനമുൾപ്പെടെയുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതികൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. സ്ത്രീധനം ആവശ്യപ്പെടുകയോ കൊടുക്കുകയോ ചെയ്യില്ലെന്ന സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും സത്യവാങ്മൂലം വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ശക്തിപ്പെടുത്തുകയും സ്കൂൾ പാഠ്യപദ്ധതിയിൽ സ്ത്രീപക്ഷനിയമങ്ങൾ ഉൾപ്പെടുത്തുകയും സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ജെന്റർ അവയർനസ് ക്യാമ്പയിൻ സംഘടിപ്പിക്കുകയും ചെയ്യുന്നതാണ്. സ്ത്രീകളുടെ

പരാതികൾ കേൾക്കുന്നതിനായി ' 181 മിത്ര ഹെൽപ്പ് ലൈൻ' സംവിധാനവും അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്ക് "കമാന്റ് സെന്ററി"ൽ നിന്നുള്ള സേവനവും ലഭ്യമാണ്. കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമക്കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പോക്സോ കോടതികൾക്കുപുറമെ 28 ഫാസ്റ്റ് ട്രാക്ക് കോടതികളും പ്രവർത്തിക്കുന്നുണ്ടെന്നും കുട്ടികളുടെ നഗ്നചിത്രങ്ങൾ കാണുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിന് " Operation P-Hunt" നടപ്പിലാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി CAP (Children and Police), House CCSE (Counter Child Sexual Exploitation) CCPWC Project (Cyber Crime Prevention against Women & Children) എന്നിവയും അവർക്കുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൗൺസിലിംഗ് നൽകുന്നതിനുമായി 'CHIRI' പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. Child Friendly Police Station-സംവിധാനം കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. കൊല്ലം ജില്ലയിലെ ചടയമംഗലം സ്വദേശിനി വിസ്മയയുടെ തൂങ്ങിമരണവുമായി ബന്ധപ്പെട്ട കേസന്വേഷണം

അന്തിമഘട്ടത്തിലാണെന്നും സംസ്ഥാനത്ത് സ്ത്രീധനപീഡനംമൂലം ഇനിയൊരു മരണമോ ആത്മഹത്യയോ ഉണ്ടാകാതിരിക്കാനാണ് ശ്രമിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

11(*122) <u>മദ്രസ്സാദ്ധ്യാപക ക്ഷേമനിധി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മദ്രസ്സാദ്ധ്യാപകർക്കായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടെന്നും അംഗങ്ങൾക്ക് ഭവന വായ്പ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തര ധനസഹായം ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഇതിൽ അംഗമായ ഓരോ മദ്രസ്സാദ്ധ്യാപകനും പ്രതിമാസം 100 രൂപ അംശദായം നൽകിവരുന്നുണ്ട്. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കും ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനും കോർപ്പസ് ഫണ്ടായി 2010-ൽ പത്ത് കോടി രൂപയും 2015-2016-ൽ ട്രഷറി നിക്ഷേപ ഇൻസന്റീവ് ആയി മൂന്നുകോടി എഴുപത്തിയഞ്ചു ലക്ഷത്തി മുപ്പത്തി മൂവായിരം രൂപയും 2009 മുതൽ 2021 വരെ ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി നാലു കോടി ഒരു

ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി നാന്നൂറ്റി പന്ത്രണ്ട് രൂപയും അനുവദിച്ചിട്ടുണ്ട്. മദ്രസ്സാദ്ധ്യാപകർക്കായി സംസ്ഥാന സർക്കാർ മറ്റാനുകൂല്യങ്ങൾ നൽകുന്നില്ലെന്നും ക്ഷേമനിധിയുടെ നടത്തിപ്പിനാവശ്യമായ സഹായം തുടർന്നും ഉറപ്പാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

12(*123) <u>സൈബർ കുറ്റകൃത്യങ്ങൾ</u>

**മുഖ്യമന്ത്രി നൽകിയ മറുപടിയിൽ,** സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും പോലീസ് വിഭാഗമായ സൈബർഡോം പ്രവർത്തിച്ചുവരുന്നുണ്ടെന്നും കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് Cyber Crime Investigation Division (CCID) ആരംഭിക്കുന്നതാണെന്നും സൈബർ ഡോമിന്റെ പ്രവർത്തന മികവിന് ദേശീയ/അന്തർദ്ദേശീയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സൈബർ പട്രോളിംഗ്, സാമ്പത്തിക തട്ടിപ്പുകൾക്കെതിരായുള്ള പ്രവർത്തനങ്ങൾ, സർക്കാർ-അർദ്ധസർക്കാർ- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളുടെ സുരക്ഷാ പരിശോധനകൾ, റാൻസംവെയർ/മാൽവെയർ

അറ്റാക്ക് എന്നിവയുടെ അനാലിസിസിനുപുറമെ സാമ്പത്തിക-സോഷ്യൽ മീഡിയാ തട്ടിപ്പുകളുൾപ്പെടെ തടയുന്നതിനാവശ്യമായ സോഫ്റ്റ്‌വെയറുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സൈബർ അപകടങ്ങൾ, അവയിലെ ചതിക്കുഴികൾ എന്നിവയെക്കുറിച്ച് വീഡിയോ, ചിത്രങ്ങൾ, പോസ്റ്ററുകൾ തുടങ്ങിയവ തയ്യാറാക്കി സമൂഹ മാധ്യമങ്ങളിലൂടെ പ്രചരണം നടത്തുകയും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് വിവിധതലങ്ങളിൽ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഡാറ്റകൾ, ഫോട്ടോഗ്രാഫുകൾ, സി.സി.ടി.വി. ഫുട്ടേജുകൾ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയവയുടെ അതിവേഗ വിശകലനത്തിന് കൃത്രിമബുദ്ധി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിവരുന്നു. ഡ്രോൺ സാങ്കേതികവിദ്യയെക്കുറിച്ച് പഠിക്കുന്നതിനും ശാസ്ത്രീയമായി പരിശോധിക്കുന്നതിനും ഡ്രോൺ ഫോറൻസിക് & റിസർച്ച് സെൻററും ഡ്രോൺ ഫോറൻസിക് ലാബും ആരംഭിക്കും. ഡാർക്ക് നെറ്റ് അനാലിസിസിലൂടെ മയക്കുമരുന്ന് കടത്ത്, ഭീകരവാദ പ്രവർത്തനങ്ങൾ, ചൈൽഡ് പോണോഗ്രാഫി തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ

തടയുന്നതിന് ഒരു ബേസിക് ടൂൾ വികസിപ്പിച്ചിട്ടുണ്ട്. വിക്ടിം ഐഡന്റിഫിക്കേഷൻ സിസ്റ്റം, സാമൂഹ്യമാധ്യമങ്ങൾ, ഡാർക്ക് നെറ്റ് തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെ കുട്ടികളുടെ അശ്ലീലചിത്രങ്ങൾ പ്രചരിപ്പിക്കുന്നത് തടയുന്നതിനായി രക്ഷകർത്താക്കൾക്ക് ബോധവൽക്കരണവും കുട്ടികൾക്ക് വിദഗ്ധ കൗൺസിലിംഗും നിർദ്ദേശിക്കുകയും ഇത്തരം ദൃശ്യങ്ങൾ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ നീക്കം ചെയ്യാൻ CCSE (Counter Child Sexual Exploitation) യൂണിറ്റുവഴി നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡിജിറ്റൽ ഉപകരണങ്ങളിൽ കുട്ടികളെ അപകടത്തിലേയ്ക്ക് നയിക്കുന്ന ഗെയിമുൾപ്പെടെയുള്ളവ ഒഴിവാക്കുന്ന കാര്യം സേവനദാതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.